ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.07.2026**

## പ്രധാനവാർത്തകൾ

1. **അതിർത്തി കടന്നുള്ള പാക് ഭീകരവാദത്തെ അപലപിച്ച് ഇന്ത്യ - ജപ്പാൻ സംയുക്ത പ്രസ്താവന ; മൂന്ന് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ജപ്പാൻ പ്രധാനമന്ത്രി ഇന്ന് മടങ്ങും.**
2. **വിഴിഞ്ഞം തുറമുഖത്തിൻറെ ഓഹരി കൈമാറ്റ വിഷയത്തിൽ അനാവശ്യ വിവാദങ്ങൾ ഒഴിവാക്കണമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി.**
3. **ലഹരിക്കെതിരെ 'തൂഫാൻ ജാഗരൺ' ജനകീയ പ്രതിരോധത്തിന് പെരുമ്പാവൂരിൽ ഇന്ന് തുടക്കമാകും.**
4. **ദേശീയ ഇ-ഗവേണൻസ് പുരസ്കാരങ്ങളിൽ ഗോൾഡ് അവാർഡ് സ്വന്തമാക്കി കേരള ഹൈക്കോടതി.**
5. **പത്തനംതിട്ടയിൽ 10 വയസുകാരിക്ക് ഷിഗെല്ല സ്ഥിരീകരിച്ചു ; കോഴിക്കോട് ജില്ലയിൽ മലമ്പനിക്കെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.**
6. **സംസ്ഥാനത്ത് മഴ ശക്തിപ്രാപിക്കും; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത ; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

RNUTVPM

**********************************

## ഇന്ത്യ - ജപ്പാൻ പ്രസ്താവന

അതിർത്തി കടന്നുള്ള പാക് ഭീകരവാദത്തെ അപലപിച്ച് ഇന്ത്യ - ജപ്പാൻ സംയുക്ത പ്രസ്താവന. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി സനെയ് തകൈച്ചിയുമാണ് എല്ലാ രൂപത്തിലുമുള്ള ഭീകരതയെയും ശക്തമായി നേരിടണമെന്ന് ആഹ്വാനം ചെയ്തത്. പഹൽഗാമിലും ഡൽഹിയിലും കഴിഞ്ഞ വർഷം നടന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച ഇരു പ്രധാനമന്ത്രിമാരും കുറ്റവാളികളെ ഉടൻ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനം പൂർത്തിയാക്കി ജപ്പാൻ പ്രധാനമന്ത്രി ഇന്ന് മടങ്ങും.

RNU TVPM

**********************************

## എയർ സുവിധ

രാജ്യത്തുടനീളമുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ എബോള പരിശോധനയ്ക്ക് നവീകരിച്ച സംവിധാനം ആരംഭിച്ചു. എയർ സുവിധ 2.0 എന്ന പോർട്ടൽ വ്യോമയാന മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസും ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും സംയുക്തമായാണ് ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചത്. അന്താരാഷ്ട്ര യാത്രക്കാർക്കായി പൂർണ്ണമായും സമ്പർക്കരഹിതവും കടലാസുരഹിതവുമായ ആരോഗ്യ സ്വയം പ്രഖ്യാപന സംവിധാനമാണ് ഇത്.

**********************************

## വിഴിഞ്ഞം - മന്ത്രി കുഞ്ഞാലിക്കുട്ടി (ഇൻട്രോ)

വിഴിഞ്ഞം തുറമുഖത്തിൻറെ ഓഹരി കൈമാറ്റ വിഷയത്തിൽ പരിശോധിച്ച് മറുപടി അറിയിക്കുമെന്ന് മന്ത്രി പി കെ കുഞ്ഞാലികുട്ടി. ഇപ്പോഴത്തെ അനാവശ്യ വിവാദങ്ങൾ ഒഴിവാക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

സംസ്ഥാന സർക്കാരിനെ അറിയിക്കാതെയാണ് വിഴിഞ്ഞം തുറമുഖത്ത് മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി 49 ശതമാനം ഓഹരി പങ്കാളിത്തത്തോടെ നിക്ഷേപം നടത്തുമെന്ന പ്രഖ്യാപനമുണ്ടായതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്നലെ വ്യക്തമാക്കിയിരുന്നു.

**********************************

## ഹജ്ജ് പാസ്പോർട്ട്

അടുത്ത വർഷത്തേക്കുള്ള ഹജ്ജിന് അപേക്ഷിക്കുന്ന തീർഥാടകരുടെ പാസ്പോർട്ട് അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കാൻ പാസ്പോർട്ട് ഓഫീസുകൾക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് മന്ത്രി എൻ.ഷംസുദ്ദീൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിക്ക് കത്തയച്ചു. 2027-ലെ ഹജ്ജിനുള്ള ഓൺലൈൻ അപേക്ഷകൾ ഈ മാസം 20 വരെയാണ് സ്വീകരിക്കുന്നത്. പാസ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ റീജിയണൽ പാസ്പോർട്ട് ഓഫീസുകളിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കാനും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനും അടിയന്തര നിർദ്ദേശം നൽകണമെന്നും മന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

RNU TVPM

**********************************

## തൂഫാൻ ജാഗരൺ-രമേശ് ചെന്നിത്തല

ലഹരിക്കെതിരെ "ഉണർന്ന് പെരുമ്പാവൂർ" എന്ന പ്രഖ്യാപനവുമായി 'തൂഫാൻ ജാഗരൺ' ജനകീയ പ്രതിരോധത്തിന് ഇന്ന് പെരുമ്പാവൂരിൽ തുടക്കമാകും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ പങ്കെടുക്കും. തൂഫാൻ പതാക ഉയർത്തി പെരുമ്പാവൂർ ലഹരിവിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലും. അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ നേരിട്ടെത്തി മന്ത്രി സംവദിക്കും.

**********************************

## മന്ത്രി എം. ലിജു

അന്താരാഷ്ട്ര സഹകരണ ദിനാഘോഷവുമായി ബന്ധപ്പെട്ട പരിപാടി നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുമെന്ന് മന്ത്രി എം.ലിജു. മികച്ച സഹകരണ സംഘങ്ങൾക്കുള്ള അവാർഡുകൾ ചടങ്ങിൽ സമ്മാനിക്കും. സി ക്ലാസ് സഹകരണ സംഘങ്ങളിലെ വോട്ടവകാശം സംബന്ധിച്ച് നയപരമായ തീരുമാനമുണ്ടാകുമെന്ന് മന്ത്രി എം ലിജു തിരുവനന്തപുരത്ത് വ്യക്തമാക്കി.

RNUTVPM

**********************************

## പ്ലസ് വൺ - പ്രവേശനം

പ്ലസ് വൺ മെറിറ്റ് വിഭാഗത്തിനുള്ള പ്രവേശന നടപടികൾ ഇന്ന് അവസാനിക്കും. മൂന്നാമത്തേതും അവസാനത്തേയും ഘട്ട അലോട്ട്മെൻറ് ലഭിച്ചവരുടെ പ്രവേശനം വൈകിട്ട് അഞ്ചു മണിക്ക് പൂർത്തിയാകും. ഉയർന്ന ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ലഭിക്കാത്തതിനാൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസ് അടച്ച് സ്ഥിര പ്രവേശനം നേടണം. ഒന്നിൽ കൂടുതൽ ക്വാട്ടകളിൽ പ്രവേശനത്തിന് അർഹത ലഭിച്ചവർ ഏറ്റവും അനുയോജ്യമായ ക്വാട്ടയിലെ പ്രവേശനം തെരഞ്ഞെടുക്കണം. സപ്ലിമെന്ററി അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കും.

*******************************************

### പത്തനംതിട്ട ഷിഗല്ല

പത്തനംതിട്ട ജില്ലയിൽ ഷിഗെല്ല സ്ഥിരീകരിച്ചു. ആറന്മുള എഴിക്കാട് ഉന്നതിയിലെ 10 വയസുകാരിക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. പനിയും വയറിളക്കവുമായി കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടി രോഗം ഭേദമായി വീട്ടിലേയ്ക്ക് തിരികെ പോയശേഷമാണ് പരിശോധനാഫലം ലഭിച്ചത്. ആരോഗ്യവകുപ്പ് തുടർ നടപടികൾ ആരംഭിച്ചു.

*******************************************

### വി.കെ രഘുനാഥ് - അന്തരിച്ചു

എഴുത്തുകാരനും ആകാശവാണി കോഴിക്കോട് നിലയം മുൻ വാർത്ത അവതാരകനുമായിരുന്ന വി.കെ.രഘുനാഥ് നിര്യാതനായി. 69 വയസ്സായിരുന്നു. വയനാട് മേപ്പാടി സ്വകാര്യ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. സംസ്ക്കാരം ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് തൃശ്ശിലേരി ശാന്തികവാടത്തിൽ നടക്കും.

RNUTVPM

*******************************************

### ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************************

### മുഖ്യമന്ത്രി - ക്രെഡായ്

സാമ്പത്തിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുകയാണ് സർക്കാറിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ക്രെഡായ്

സംസ്ഥാന കോൺഫറൻസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തുറമുഖ നഗരമായി കേരളത്തെ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന് മുന്നിൽ വലിയ സാദ്ധ്യതകളാണ് തുറക്കുന്നത്. സമഗ്ര വികസനത്തിന് എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*********************************

## മഴ-സംസ്ഥാനം

സംസ്ഥാനത്തെ മിക്ക ജില്ലകളിലും ഇന്ന് ശക്തമായ മഴ ലഭിക്കാൻ സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. 9 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും കർണാടക തീരത്ത് തിങ്കളാഴ്ച വരേയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

*********************************

## കോഴിക്കോട് - മലമ്പനി ജാഗ്രത (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ മലമ്പനിക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ വകുപ്പിൻറെ മുന്നറിയിപ്പ്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അതിഥി തൊഴിലാളി ക്യാമ്പുകൾ, നിർമാണ സ്ഥലങ്ങൾ, തോട്ടം മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടക്കുന്നുണ്ട്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

*********************************

## ഗോൾഡ് അവാർഡ്-കേരള ഹൈക്കോടതി

ദേശീയ ഇ-ഗവേണൻസ് പുരസ്കാരങ്ങളിൽ കേരള ഹൈക്കോടതിക്ക് ഗോൾഡ് അവാർഡ്. 'ഡിസ്ട്രിക്റ്റ് കോർട്ട് കേസ് മാനേജ്മെന്റ് സിസ്റ്റം'എന്ന സംവിധാനത്തിനാണ് പുരസ്കാരം. സംസ്ഥാനത്തെ ജില്ലാതല കോടതികളിൽ നടപ്പിലാക്കിയ സമഗ്രവും സമ്പൂർണ്ണവുമായ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് - DCMS.

********************************

## സെൻസസ്

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

********************************

## ചക്ക മേള - കണ്ണൂർ (ഇൻട്രോ)

കണ്ണൂർ മഹാത്മാ മന്ദിരത്തിൽ നടക്കുന്ന കുടുംബശ്രീയുടെ ചക്ക മേള ശ്രദ്ധേയമാകുന്നു. ചക്ക വിഭവങ്ങളുടെ രുചി അറിയാൻ നിരവധി പേരാണ് ഇവിടെ എത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ .**

(വോയ്സ്)

********************************

## ഓണം വാരാഘോഷം

RNU TVPM

ഇത്തവണത്തെ ഓണം വാരാഘോഷം അടുത്ത മാസം 24 മുതൽ 30 വരെ സംഘടിപ്പിക്കും. ഓണത്തിൻറെ തനത് പാരമ്പര്യവും സംസ്കാരവും വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് മുന്നിൽ പൂർണ്ണമായി എത്തിക്കുന്ന രീതിയിലുള്ള അനുഭവമാക്കി ഓണം വാരാഘോഷത്തെ മാറ്റാനാണ് സർക്കാരിൻറെ ശ്രമം. ആഘോഷങ്ങളുടെ ഭാഗമായി കവടിയാർ മുതൽ മണക്കാട് വരെയുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കും.

**********************************

## എൻജിനീയറിംഗ് - ഓൺലൈൻ ഓപ്ഷൻ

സംസ്ഥാനത്തെ എൻജിനീയറിംഗ് കോഴ്സുകളിലേക്കുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് ഈ മാസം ആറ് വരെ അവസരം. cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി തിങ്കളാഴ്ച വൈകിട്ട് നാലു മണി വരെ ഓപ്ഷൻ സമർപ്പിക്കാം.

RNU TVPM

**********************************

## ഫിഫ ലോകകപ്പ് ഫുട്ബോൾ

ഫിഫ ലോകകപ്പ് ഫുട്ബോൾ ക്രൊയേഷ്യയെ പരാജയപ്പെടുത്തി പോർച്ചുഗൽ പ്രീക്വാർട്ടറിൽ. ഇന്ന് പുലർച്ചെ നടന്ന നോക്ക് ഔട്ട് മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകകൾക്കാണ് ക്രൊയേഷ്യയെ തോൽപിച്ചത്. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ അൾജീരിയയെ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി സ്വിറ്റ്സർലാൻഡും പ്രീക്വാർട്ടറിലേക്ക് പ്രവേശിച്ചു. ഇന്ന് രാത്രി 11.30ന് ഓസ്ട്രേലിയ ഈജിപ്തിനെയും നാളെ പുലർച്ചെ 3.30ന് അർജന്റീന, കാബോ വെർദെയേയും, രാവിലെ ഏഴ് മണിക്ക് കൊളംബിയ ഘാനയെയും നേരിടും. പ്രീക്വാർട്ടർ മത്സരങ്ങൾ നാളെ രാത്രി മുതൽ ആരംഭിക്കും.

***********************************

<u>പ്രധാനവാർത്തകൾ വീണ്ടും</u>

1. അതിർത്തി കടന്നുള്ള പാക് ഭീകരവാദത്തെ അപലപിച്ച് ഇന്ത്യ - ജപ്പാൻ സംയുക്ത പ്രസ്താവന ; മൂന്ന് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ജപ്പാൻ പ്രധാനമന്ത്രി മടങ്ങി.

2. വിഴിഞ്ഞം തുറമുഖത്തിൻറെ ഓഹരി കൈമാറ്റ വിഷയത്തിൽ അനാവശ്യ വിവാദങ്ങൾ ഒഴിവാക്കണമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി.

3. ലഹരിക്കെതിരെ 'തൂഫാൻ ജാഗരൺ' ജനകീയ പ്രതിരോധത്തിന് പെരുമ്പാവൂരിൽ ഇന്ന് തുടക്കമാകും.

4. ദേശീയ ഇ-ഗവേണൻസ് പുരസ്കാരങ്ങളിൽ ഗോൾഡ് അവാർഡ് സ്വന്തമാക്കി കേരള ഹൈക്കോടതി.

5. പത്തനംതിട്ടയിൽ 10 വയസുകാരിക്ക് ഷിഗെല്ല സ്ഥിരീകരിച്ചു ; കോഴിക്കോട് ജില്ലയിൽ മലമ്പനിക്കെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

6. സംസ്ഥാനത്ത് മഴ ശക്തിപ്രാപിക്കും ; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത ; കേരളം - കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

*******************************************************************************

**************************

RNU TVPM